# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5132 — 15/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി.ജെ. വിനോദ്**<br>**ശ്രീമതിഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**,, പി.ടി. തോമസ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ഭവന-ഭൂരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന ലൈഫ് മിഷൻ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നശേഷി ക്കാർ എന്നിവർക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) & ബി) | ഭവന-ഭൂരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന ലൈഫ് മിഷൻ പദ്ധതിയിൽ മത്സ്യതൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ, എന്നിവർക്ക് നിലവിലുള്ള ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് 06.06.2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ നമ്പർ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| ബി) | എങ്കിൽ ഓരോ വിഭാഗത്തിനും എന്തൊക്കെ ഇളവുകൾ നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | | |
| സി) | മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന സാഹചര്യത്തിൽ വീണ്ടും അർഹതാ പരിശോധന നടത്തി ഗുണഭോക്താ ക്കളുടെ പട്ടിക തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | സി) & ഡി) | പട്ടികജാതി/പട്ടിക വർഗ്ഗ ഫിഷറീസ് വകുപ്പുകൾ അതത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ/ ഭൂരഹിത ഭവനരഹിതർ എന്നിവരിൽ അർഹതയുള്ള ഗുണ ഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേ ണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും 06.06.2019 -ലെ സ.ഉ (സാധാ) നം. 1946/2019/ ത.സ്വ.ഭ.വ, പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഇളവ് ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | മാനദണ്ഡങ്ങളിൽ ഇളവ് നൽകിയ ശേഷം ഈ പദ്ധതിയിലേക്ക് എത്ര അപേക്ഷകളാണ് ലഭിച്ചത്; അതിൽ അർഹതയുള്ളവരുടെ എണ്ണം എത്രയാ ണെന്ന് വെളിപ്പെടുത്താമോ; | | |
| ഇ) | ഇവർക്കായി വീട് വച്ച് നൽകുന്നതിന് എത്ര സ്ഥലം കണ്ടെത്തിയെന്ന് അറിയി ക്കാമോ? | ഇ) | ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതോടൊപ്പം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ